**C 1450** (Pages : 3) Name.......................................

Reg. No..................................

## SIXTH SEMESTER B.A. DEGREE EXAMINATION, MARCH 2021

(CUCBCSS–UG)

Malayalam

MAL 6B 12—GADHYA SAHITHYAM

Time : Three Hours Maximum : 80 Marks

### Section A

*Answer* **all** *qustions.*
*Each question carries* 1 *mark.*

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 നിത്യ ചൈതന്യയതിയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത് ?

2 'ആത്മകഥാസാഹിത്യം' എന്ന കൃതിയുടെ കർത്താവാര് ?

3 മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥം ഏത് ?

4 'മുഖച്ഛായകൾ' എന്ന കൃതിയുടെ കർത്താവാര് ?

5 കേരളീയമായ സംസ്കൃത നാടകാഭിനയ സമ്പ്രദായത്തിന്റെ പേരെന്ത് ?

6 രാജൻ കാക്കനാടൻ അഭിനയിച്ച മലയാള ചലച്ചിത്രമേത് ?

7 മൃഗങ്ങളെ വരുത്തി വെടി വെയ്ക്കുന്ന രീതി കേരളവർമ്മയ്ക്കുപദേശിച്ചു നൽകിയതാരാണ് ?

8 മഹാത്മാഗാന്ധിയുടെ മാതാവിന്റെ പേരെന്ത് ?

9 'അർത്ഥശാസ്ത്രം' എന്ന കൃതിയ്ക്ക് ആദ്യമായി മലയാളത്തിലുണ്ടായ പരിഭാഷയുടെ പേരെന്താണ് ?

10 'പുല്ലേലി കുഞ്ചു' എന്ന കൃതിയുടെ കർത്താവാര് ?

(10 × 1 = 10 marks)

### Section B

*Answer at least* **four** *qustions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 12.

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 ജീവിതത്തിലുള്ള രസം വറ്റിപ്പോയാൽ നാം മരണത്തിലേക്ക് വഴുതിപ്പോകുമെന്ന് നടരാജഗുരു പറയുവാൻ ഇടയാക്കിയ സന്ദർഭമേത് ?

12 നമ്പ്യാർ തമിഴ് എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്താണ് ?

Turn over

13 'ആട്ടപ്രകാരം' എന്നാലെന്താണ് ?

14 'ആ അശ്രുപ്രവാഹം ഹൃദയത്തിന്റെ പാപപങ്കം കഴുകിക്കളഞ്ഞു. ഗാന്ധി ആശ്വസ്ത ചിത്തനായി' —എപ്പോൾ ?

15 രോഗിയെ ബോധഹീനനാക്കി ശസ്ത്രക്രിയ ചെയ്യുന്ന ഒരു ഭിഷഗ്വരനെപ്പോലെയാണ് കവിയെന്നു പറയുന്നതിന്റെ ഔചിത്യമെന്ത് ?

(4 × 3 = 12 marks)

## Section C

*Answer at least* **four** *qustions.*
*Each question carries 7 marks.*
*All questions can be attended.*
*Overall Ceiling 28.*

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 ദക്ഷിണാഫ്രിക്കയിൽ വെച്ച് ഗാന്ധിജി തന്റെ വ്യക്തി ജീവിതത്തിൽ നടത്തിയ പരീക്ഷണങ്ങൾ ഏവ ?

17 ഏതു കാലത്തായാലും ഏതു കാര്യം പ്രതിപാദിക്കുമ്പോഴായാലും ഭാഷ ഒരു പാഴ്ച്ചുമടായിത്തീരരുതെന്ന് മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?

18 'മനുഷ്യന് തന്റെ രൂപം നോക്കി കണ്ടു പഠിക്കുവാനും രസിക്കുവാനും ഉള്ള ഒരു കണ്ണാടിയാകുന്നു ആശാന്റെ കവിത'—വിശദമാക്കുക.

19 'എന്റെ തോക്ക് ഇരട്ടക്കുഴലായിരുന്നെങ്കിൽ എനിക്ക് ഒരു വെടി കൂടെ വെച്ച് ആ പ്രാണിയുടെ പ്രാണവേദനയെ അവസാനിപ്പിക്കാമായിരുന്നു'—സന്ദർഭവും ആശയവും വ്യക്തമാക്കുക.

20 ബുദ്ധമതക്കാർ ബദരീനാഥ്, കേദാർനാഥ് എന്നീ ക്ഷേത്രങ്ങൾ നശിപ്പിക്കാനിടയാക്കിയ സാഹചര്യമെന്ത് ?

21 ബ്ലോഗുകൾ എന്നാലെന്ത് ? വിശദമാക്കുക.

22 ആധുനിക ഗദ്യ ഭാഷയുടെ വളർച്ചയ്ക്ക് കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സംഭാവനകൾ വിലയിരുത്തുക.

(4 × 7 = 28 marks)

## Section D

*Answer any* **three** *qustions.*
*Each question carries* **10** *marks.*

IV. ഓരോന്നിനും മുന്നൂറുവാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 ഇ-പ്രസാധനത്തിന്റെ സാധ്യതകളും പരിമിതികളും ചർച്ച ചെയ്യുക.

24 'ചീന്തിപ്പോയ ഒരേട്' എന്ന ലേഖനത്തിന്റെ ഭാഷാപരമായ പ്രത്യേകതകൾ വിലയിരുത്തുക.

25 പി.കെ. പരമേശ്വരൻ നായരുടെ 'മഹാത്മാഗാന്ധി'യെന്ന കൃതി, ജീവചരിത്രത്തിന്റേതായ എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്നുണ്ടോയെന്ന് പരിശോധിക്കുക.

26 ചമോളിയിലെ ധർമ്മശാലയിൽ വെച്ച് രാജൻ കാക്കനാടന് അനുഭവിക്കേണ്ടി വന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുക.

27 നടരാജ ഗുരുവിന്റെ തത്ത്വോപദേശങ്ങൾ വായനക്കാരിൽ എത്തിക്കുന്നതിൽ 'ഗുരുവും ശിഷ്യനും' എന്ന കൃതി എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുക.

28 മലയാള ഗദ്യ സാഹിത്യത്തിന്റെ വികാസ പരിണാമത്തിൽ വിദേശ മിഷണറിമാരുടെ സ്വാധീനം എത്രത്തോളമുണ്ടെന്ന് വിലയിരുത്തുക.

($3 \times 10 = 30$ marks)